**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4471** **10-08-2021 - ൽ മറുപടിയ്ക്ക്**

**കൃഷി വകുപ്പിലെ പരിശോധന സംവിധാനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ എ കെ എം അഷ്‌റഫ് | | **Shri. P. Prasad**<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മണ്ണ്, വളം, കീടനാശിനി എന്നിവയുടെ പരിശോധനയ്ക്കായി കൃഷി വകുപ്പിന്റെ കീഴിൽ നിലവിലുള്ള സംവിധാനങ്ങളെന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്തു കൃഷി വകുപ്പിന് കീഴിൽ 14 ജില്ലാ മണ്ണ് പരിശോധനാശാലകളും തിരുവനന്തപുരത്തെ കേന്ദ്ര മണ്ണ് പരിശോധന ശാലയും ഉൾപ്പടെ 15 സ്ഥാവര മണ്ണ് പരിശോധന ശാലകളുണ്ട്. നിലവിൽ 11 സഞ്ചരിക്കുന്ന മണ്ണ് പരിശോധന ശാലകളും, മണ്ണ് പര്യവേക്ഷണ സംരക്ഷണ വകുപ്പിന് കീഴിൽ 7 മണ്ണ് പരിശോധന ശാലകളുമുണ്ട്. സംസ്ഥാനത്ത് വിൽപ്പന നടത്തുന്ന രാസവളങ്ങളുടെ പരിശോധന നടത്തുന്നതിനായി താഴെ പറയുന്ന 3 ഗുണപരിശോധന ശാലകൾ കൃഷി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട് . 1. ഫെർട്ടിലൈസർ ക്വാളിറ്റി കണ്ട്രോൾ ലബോറട്ടറി , പാറോട്ടുകോണം, തിരുവനന്തപുരം 2. ഫെർട്ടിലൈസർ ക്വാളിറ്റി കണ്ട്രോൾ ലബോറട്ടറി , പട്ടാമ്പി , പാലക്കാട് 3. ബയോഫെർട്ടിലൈസർ ആൻഡ് ഓർഗാനിക് മാനുവർ ക്വാളിറ്റി കണ്ട്രോൾ ലബോറട്ടറി , പട്ടാമ്പി, പാലക്കാട് ഫെർട്ടിലൈസർ ഇൻസ്‌പെക്ടർമാരായ കൃഷി ഓഫീസർമാർ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വളം ഡിപ്പോകൾ സന്ദർശനം നടത്തി സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ ഗുണപരിശോധന നടത്തുന്നുണ്ട് . സംസ്ഥാനത്ത് പ്രതിവർഷം 5000 വളം സാമ്പിളുകൾ പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട് . കീടനാശിനികളുടെ ഗുണനിലവാരം പരിശോധി ക്കുന്നതിന് കൃഷി വകുപ്പിന് കീഴിൽ സ്റ്റേറ്റ് പെസ്റ്റിസൈഡ് ടെസ്റ്റിംഗ് ലബോറട്ടറി , പാറോട്ടുകോണം , തിരുവനന്തപുരം ആണ് നിലവിൽ ഉള്ളത്. ഇൻസെക്ടിസൈഡ് ഇൻസ്‌പെക്ടർമാരായ കൃഷി ഓഫീസർമാർ കീടനാശിനി ഡിപ്പോകളിൽ നിന്ന് സാമ്പിളുകൾ ശേഖരിച്ച് മേല്പറഞ്ഞ ലബോറട്ടറിയിൽ പരിശോധനക്കയക്കുന്നു . |

| | | | |
|---|---|---|---|
| | | | പ്രതിവർഷം 2500 സാമ്പിളുകൾ പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. |
| (ബി) | പ്രസ്തുത സംവിധാനങ്ങളുടെ പോരായ്മ ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു പരിഹരിക്കാൻ എന്തൊക്കെ പരിഷ്കാരങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | ഇല്ല. |
| (സി) | ആധുനിക സംവിധാനങ്ങളോടെയുള്ള മൊബൈൽ ലബോറട്ടറികൾ മുൻകൂട്ടി അറിയിപ്പ് നൽകി കൃഷി ഭൂമികളിലെത്തി പരിശോധന നടത്താനുള്ള സംവിധാനം ഒരുക്കുന്ന കാര്യം പരിശോധിക്കുമോ? | (സി) | പരിശോധിക്കുന്നതാണ്. ജില്ലകളിലെ മൊബൈൽ ലബോറട്ടറികൾ ജില്ലയിലെ എല്ലാ ഭാഗത്തും സന്ദർശിച്ച് മണ്ണ് പരിശോധന നടത്തുന്ന സംവിധാനം നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ